(ബി) ഈ. ററി. സികം, പോളിടെക്നിക്കുകം, ഐ. ടി. ഐ.കം, മററ് അംഗീകൃത പരിശീലന സ്ഥാപനങ്ങം എന്നിവിടങ്ങളിലും, വിദഗ്ദ്ധ തൊഴിലാളികളുടെ (മാസ്ററർ ക്രാഫ്ററ്മെൻ) കീഴിലുമാണ് പരിശീലനം നൽകുന്നത്.

(സി) 99 ട്രേഡുകളാണ് പരിശീലനം നൽകുവാൻവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളവ.

(ഡി) ഈ. ററി. സി., പോളിടെക്നിക്ക്, ഐ.ററി.ഐ., ടെക്നോളജി പാർക്ക് തുടങ്ങിയ ഗവൺമെൻറ് അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നവർക്ക് പ്രതിമാസം 500 രൂപ വീതവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിംഗ് ഡയറക്ടർ എന്നിവരുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നവർക്ക് പ്രതിമാസം 350 രൂപ വീതവും മുകളിൽ പ്രതിപാദിച്ച വിഭാഗങ്ങളിൽപ്പെടാത്ത സ്ഥാപനങ്ങളിലും, മാസ്ററർ ക്രാഫ്ററ്സ്മാൻമാരുടെ കീഴിലും പരിശീലനം തേടുന്നവർക്ക് പ്രതിമാസം 200 രൂപ വീതവുമാണ് പരിശീലന കാലത്ത് സ്റൈപെൻറ് നൽകുന്നത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഐ. ആർ.ഡി.പി ലക്ഷ്യവിഭാഗത്തിൽപ്പെട്ട 18-നും 35-നും മദ്ധ്യേ പ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. എന്നാൽ നിരാലംബരായ വിധവകം, വിമോചിതരായ അടിമപ്പണിക്കാർ, വലിയ വികസന പദ്ധതിമൂലം പുനരധിവസിക്കപ്പെട്ടവർ, കുഷ്ഠരോഗത്തിൽ നിന്നും സുഖം പ്രാപിച്ചവർ, ഗ്രാമപ്രദേശങ്ങളിലെ അനാഥാലയങ്ങളിലെ അന്തേവാസികം എന്നിവരെ സംബന്ധിച്ചിടത്തോളം വയസ് ക്ലിപ്തതയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ജി) പരിശീലനാർത്ഥികളിൽ 50% പട്ടികജാതി-പട്ടികവർഗ്ഗക്കാരും 40% വനിതകളുമാണ്.

(എച്ച്) 1995-96-ൽ പരിശീലനം ലഭിച്ച 4064 പേരിൽ 1154 പേർ സ്വയം തൊഴിൽ കണ്ടെത്തി. 2354 പേർ വേതനാടിസ്ഥാനത്തിൽ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

ഈററൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ നടപടി

60. [1546] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈററൊഴിലാളികളുടെ പ്രശ്നങ്ങം പരിഹരിക്കുന്നതിനായി വിളിച്ചുകൂട്ടിയ യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത് ;

(ബി) പരുത്തിപ്പള്ളി, പാലോട്, കുളത്തൂപ്പുഴ റെയിഞ്ചുകളിൽനിന്നും തലച്ചുമടായി ഈററകൊണ്ടുപോകുന്നതിന് ഇപ്പോഴും വനപാലകർ അനുവദിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

3-1-1996-ലെ യോഗതീരുമാനം താഴെക്കൊടുക്കുന്നു.

(എ) 1. കുട്ടംപുഴ റെയിഞ്ചിൽ ലഭ്യമാക്കിയിട്ടുള്ള ഈറ മുഴുവനും കേരള സ്ററേററ് ബാംബൂ കോർപ്പറേഷൻ ശേഖരിച്ച് പരമ്പരാഗത തൊഴിലാളികൾക്ക് വിതരണം ചെയ്തശേഷം ബാക്കി ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറിന് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

2. തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ, പെരിങ്ങമ്മല, ഇടിഞ്ഞാർ, ആനപ്പാറ എന്നീ സ്ഥലങ്ങളിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് ഈറ സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ ഈറത്തൊഴിലാളികൾക്ക് പാസ് ബുക്ക്, റിക്കാർഡ് ഇവ സൂക്ഷിച്ചുകൊണ്ട് ഹെഡ്‌ലോഡ് പാസ് നൽകാനും മറ്റു സ്ഥലങ്ങളിൽ ഇപ്പോഴത്തെ നിലവിലുള്ള സംവിധാനം തുടരാനും തീരുമാനിച്ചു.

3. Miteria Climber നശിപ്പിക്കാനുള്ള അടിയന്തിര നടപടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറും ചേർന്ന് സ്വീകരിക്കുക.

4. ഈറ ശേഖരിച്ചതിനുശേഷം ബാക്കിവരുന്ന ഉപയോഗമില്ലാത്ത ഈറ പഴപ്പുണ്ടാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ശേഖരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറിന് നൽകുക.

(ബി) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിലെ പരുത്തിപ്പള്ളി, പാലോട്, കുളത്തൂപ്പുഴ എന്നീ റെയിഞ്ചുകളിൽ നിന്നും തലച്ചുമടായി ഈറ ശേഖരിച്ചുകൊണ്ടുപോകുന്നതിന് ബാംബൂ കോർപ്പറേഷൻറെ തിരിച്ചറിയൽ കാർഡുള്ളവരെ വനപാലകർ അനുവദിക്കാറുണ്ട്. ഈറത്തൊഴിലാളികളെ തടയുന്ന സംഭവം ഉണ്ടായിട്ടില്ല.

(സി) സർക്കാർ വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിൻറെ ഭാഗമായി 24-1-1990-ൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ)ൻറെ അദ്ധ്യക്ഷതയിൽ ബാംബൂകോർപ്പറേഷൻഎം.ഡി. യും ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് എം. ഡി. യുമായി ചർച്ച നടത്തുകയും കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തൃശ്ശൂർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡ് എന്നിവയിൽനിന്നും ഓരോ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ബാംബൂ കോർപ്പറേഷനും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറിനും ഈറ നൽകുന്നതുസംബന്ധിച്ച് ഇവയുടെ ലഭ്യത, സ്ഥലം ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

തിരുനെല്ലി കോളനികളിലേക്ക് വൈദ്യുതി

61. [1547.] ശ്രീ. എം.നാരായണൻ (കുഴൽമന്ദം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ തിരുനെല്ലിയിലെ അപ്പപ്പാറ, അരണപാറ, തോൽപ്പെട്ടി എന്നീ ഹരിജൻ ഗിരിജൻ കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി വനംവകുപ്പിൻറെ അനുമതിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) വനംവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വനംവകുപ്പ് സംസ്ഥാനത്തിന് കത്ത് നൽകിയിട്ടുണ്ടോ ;

(ഡി) സംസ്ഥാന വനംവകുപ്പ് അതിനു മറുപടി നൽകിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly